പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 മാർച്ച് 19, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31) കാർഷിക വായ്പ

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന സഹകരണ വകുപ്പിന്റെ പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാർഷിക വായ്പയുടെ മുതൽ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പരാമവധി 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി നൽകേണ്ട പലിശ തുകയിൽ പരമാവധി അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത തുക കർഷകർക്ക് അനുവദിക്കുന്നതിനാണ് പദ്ധതി

അംഗീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് യഥാസമയം കാർഷിക വായ്പ തുക തിരികെ അടയ്ക്കുന്നവർക്ക് പലിശ നൽകേണ്ടതില്ലാത്തതിനാൽ ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിതമായിട്ടാണ് നൽകുന്നത്. സഹകരണ ബാങ്കുകൾ മുഖേന 2006–07–ൽ 2102.02 കോടി രൂപയും 2007–08–ൽ 1813.56 കോടി രൂപയും 2008–09–ൽ 3103.7 കോടി രൂപയും 2009–10–ൽ 2248.54 കോടി രൂപയും 2010–11–ൽ 2906.69 കോടി രൂപയും 2011–12–ൽ 2665.47 കോടി രൂപയും 2012–13–ൽ (31.12.2012–വരെ) 2375.54 കോടി രൂപയും ഹ്രസ ്വകാല-ദീർഘകാല കാർഷിക വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വിഭവങ്ങളുടെ ഉൽപാദനത്തിൽ വരുത്തുന്ന വ്യതിയാനത്തെക്കുറിച്ച് സഹകരണ വകുപ്പ് സംസ്ഥാനതലത്തിൽ വിലയിരുത്താറില്ല. ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മിറ്റി, ഓരോ ജില്ലയെ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തിയാണ് ഓരോ വിളയ്ക്കും നൽകേണ്ട പരമാവധി വായ്പ തുക നിശ്ചയിക്കുന്നത്. സഹകരണ സംഘങ്ങൾ മുഖേന പതിനാല് ജില്ലകളിലായി തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിൽ 40 കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ 10 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. 2012–13 സാമ്പത്തിക വർഷത്തിൽ 4.5% പലിശ നിരക്കിൽ നബാർഡ് 825 കോടി രൂപ കാർഷിക വായ്പകൾക്ക് റീ-ഫൈനാൻസ് നൽകിയിട്ടുണ്ട്. ദീർഘകാല വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്. 15.1.2013–ലെ കണക്കനുസരിച്ച് സഹകരണമേഖലയിലെ നിലവിലുള്ള നിക്ഷേപമായ 95,532 കോടി രൂപ മാർച്ച് മാസം അവസാനിക്കുമ്പോൾ ഒരു ലക്ഷം കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീ

ക്ഷിക്കുന്നത്. 2012 ഡിസംബർ 1 മുതൽ നടത്തിയ 31–ാമത് നിക്ഷേപസമാഹരണത്തിലൂടെ 5194 കോടി രൂപ അധികമായി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷിചെയ്യുന്നവർക്ക് കൃഷിവകുപ്പിന്റെ കൃഷിക്കാരാണെന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും പലിശരഹിത കാർഷിക വായ്പകൾ നൽകുന്ന കാര്യം ആലോചിക്കുന്നതാണെന്നും കാർഷിക വായ്പകൾ നൽകുന്നതിന് സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കാർഷിക വായ്പകളുടെ പലിശ എഴുതിത്തള്ളുന്നതിന് വാണിജ്യ ബാങ്ക് പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (*32) <u>വൈദ്യുതി സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡ് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്നും ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിലേയ്ക്കായി വിവിധ ഊർജ്ജ സംരക്ഷണ പ്രചാരണ പ്രവർത്തങ്ങൾ നടത്തിവരികയാണെന്നും സഭയെ അറിയിച്ചു. തെരുവ് വിളക്കുകൾ ഓട്ടോമാറ്റിക്കായി കത്തുകയും അണയുകയും ചെയ്യുന്ന സമ്പ്രദായം ഏർപ്പെടുത്താനും ഊർജ്ജക്ഷമത കുറഞ്ഞ സാധാരണ ബൾബുകൾ, സോഡിയം വേപ്പർ ലാംമ്പുകൾ, മെറ്റൽ ഹാലൈഡ് ലാംമ്പുകൾ എന്നിവയ്ക്ക് പകരം ഊർജ്ജക്ഷമത കൂടിയ സി.എഫ്.എൽ, എൽ.ഇ.ഡി. തുടങ്ങിയവ ഓഫീസുകളിലും തെരുവ് വിളക്കുകളിലും ഉപയോഗിക്കുന്നതിനും എനർജി മാനേജുമെന്റ് സെന്ററും കെ.എസ്.ഇ.ബി.യും സഹകരിച്ച് 60

മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ഊർജ്ജക്ഷമത കൂടിയ 45 വാട്ടിന്റെ 100 എൽ.ഇ.ഡി. വിളക്കുകൾ വീതം സ്ഥാപിക്കുന്നതിനും വൈദ്യുതി ബോർഡ് ഓഫീസുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിൽ രൂപീകരിച്ചിട്ടുള്ള ഡി.എസ്.എം. സെല്ലുകളുടെ നേതൃത്വത്തിലും, ദേശീയ സമ്പാദ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/എസ്.എ.എസ്. ഏജന്റുകളുടെ സേവനം ഉപയോഗിച്ചും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കോൾ നിലങ്ങളിൽ ഊർജ്ജക്ഷമത കൂടിയ പമ്പുകൾ സ്ഥാപിക്കുന്നതോടൊപ്പം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുവാനും സോളാർ ഇൻവെർട്ടറുകളുടെയും സോളാർ ഹീറ്ററുകളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുവാനും അവയുടെ ഉപയോഗം വ്യാപകമാക്കുവാനും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യുന്നതോടൊപ്പം പ്രദർശന വസ്തുക്കൾ ഒരുക്കുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23-ന് തുടക്കം കുറിക്കുകയാണ്. ലാഭപ്രഭയുടെ ഭാഗമായി ഊർജ്ജ സമ്പാദ്യം, നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്നീ രണ്ട് പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയനുസരിച്ച് വൈദ്യുതി ഗണ്യമായി ലാഭിക്കുന്നവർക്കായി രണ്ട് കോടി രൂപയുടെ സമ്മാനങ്ങൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഊർജ്ജ

സമ്പാദ്യം എന്ന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും അതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കു വയ്ക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പുതിയ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യുന്നതാണെന്ന് മന്ത്രി അറിയിച്ചു. സൗരോർജ്ജ വൈദ്യുതിയുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഓഫീസുകളുടെ മേൽക്കൂരകളിലും, ലഭ്യമായ മറ്റിടങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കെ.എസ്.ഇ.ബി. ആരംഭിച്ചുകഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി. വീടുകളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു. റൂഫ് ടോപ്പ് സോളാർ പാനലുകളുടെ ഗ്രിഡ് കണക്ടിവിററിക്ക് വേണ്ട നിയമങ്ങളുടെ കരട്, കെ.എസ്.ഇ.ബി. ബോർഡ് കമ്മീഷൻ മുമ്പാകെ 17.10.2012-ൽ സമർപ്പിച്ചിട്ടുണ്ട്. സൗരോർജ്ജ പാനൽ വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്കും ഓഫ്ഗ്രിഡിലേയ്ക്കും മാറ്റുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ പഞ്ചായത്തായി മാറാൻ പോകുന്ന ചേന്ദമംഗലം പഞ്ചായത്തിന് 1,00,000 രൂപ പാരിതോഷികമായി കെ.എസ്.ഇ.ബി. നൽകുന്നതാണ്. ഒരു നിശ്ചിത അളവിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ സൗരോർജ്ജ പാനൽ കൊണ്ടുവരുന്ന കാര്യം നിർബന്ധമാക്കുന്നത് പരിഗണിച്ച് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ട്യൂബ് സിസ്റ്റം മാറ്റി സി.എഫ്.

എൽ./എൽ.ഇ.ഡി. ഉപയോഗിക്കുന്നതിന് ചെലവാകുന്നതിന്റെ 50% തുക കെ.എസ്.ഇ.ബി. നൽകുന്നതാണ്. ഊർജ്ജ സംരക്ഷണം മുഖേന സാമ്പത്തിക ക്രൈസിസും പവർ ക്രൈസിസും തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിൻഡ് എനർജിയുടെ കാര്യത്തിൽ എൻ.ടി.പി.സി.-യുമായി എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്. 50 മെഗാവാട്ടിൽ കൂടുതലുള്ള സോളാർ എനർജി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമവും ആരംഭിച്ചുകഴിഞ്ഞു. കടൽവെള്ളത്തിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ബ്രഹ്മപുരത്ത് എൽ.എൻ.ജി. ഉപയോഗിച്ചുള്ള 400 മെഗാവാട്ടിന്റെ ഒരു പദ്ധതിക്ക് കെ.എസ്. ഇ.ബി. ഗ്ലോബൽ ടെൻഡർ വിളിച്ചിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും കായംകുളം താപവൈദ്യുതി നിലയം എൽ.എൻ.ജി. ആക്കുന്നതിനുവേണ്ടിയുള്ള 360 മെഗാവാട്ടിന്റെ ഒരു പദ്ധതിക്ക് എൻ.ടി.പി.സി.-യുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ടെന്നും പാലക്കാട് ജില്ലയിലെ മീൻകരയിലും ചുള്ളിയാറിലും ഫ്ളോട്ടിംഗ് പാനൽ ഉപയോഗിച്ച് വൈദ്യുതിയുണ്ടാക്കുന്ന പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നെയ്ത്തുകാരുടെ അഭാവം കൈത്തറി മേഖലയിലെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പുതിയ ആൾക്കാർക്ക് നെയ്ത്ത് പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയതോടൊപ്പം നൂൽ സബ്സിഡിയും

വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകളിൽനിന്നും ചായങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന് 10% സബ്സിഡി നൽകിവരുന്നു. കൈത്തറി വ്യവസായത്തിനുള്ള ഇൻകം സപ്പോർട്ട് സ്കീം നിർത്തലാക്കിയിട്ടില്ല. കൈത്തറി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും മിനിമം 150 രൂപ വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ വരുമാന ഉറപ്പുപദ്ധതി 29/03/2011 മുതൽ നടപ്പിലാക്കിവരുന്നു. 31.03.2010 വരെ സംഘങ്ങൾക്ക് അർഹതപ്പെട്ട കേന്ദ്ര സംസ്ഥാന റിബേറ്റ്, സ്പെഷ്യൽ മാർക്കറ്റിംഗ് ഇൻസെന്റീവ് കുടിശ്ശികകൾ അനുവദിച്ച് നൽകിയാൽ മാത്രമേ കൈത്തറി സംഘങ്ങൾക്ക് ദേശീയ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച തുക ലഭ്യമാകുകയുള്ളൂ. അതനുസരിച്ച് സംഘങ്ങൾക്ക് അർഹതപ്പെട്ട സംസ്ഥാന റിബേറ്റ് നൽകിക്കഴിഞ്ഞു. റിബേറ്റിനത്തിലും മാർക്കറ്റിംഗ് ഇൻസെന്റീവിനത്തിലും കേന്ദ്രഗവൺമെന്റ് നൽകേണ്ടതായ കുടിശ്ശിക തുക കണക്കിലെടുക്കാതെ പാക്കേജനുസരിച്ചുള്ള സഹായം വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 31-ന് മുമ്പ് സംഘങ്ങൾക്കുള്ള ധനസഹായം നബാർഡ് നൽകുന്നതാണ്. അർഹതപ്പെട്ട മുഴുവൻ കൈത്തറി സംഘങ്ങൾക്കും റിബേറ്റ് കുടിശിക പൂർണ്ണമായും നൽകുന്നതിനും റിവൈവൽ പാക്കേജ് അനുസരിച്ചുള്ള സെൻട്രൽ സ്ക്കീമിന്റെ ആനുകൂല്യങ്ങൾ കൂടുതൽ കൈത്തറി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും ജില്ലാ ബാങ്കുകളിൽ നിന്നുമുള്ള കാഷ് ക്രെഡിറ്റിന് ഈടാക്കുന്ന പലിശനിരക്ക് കുറയ്ക്കുന്നതിനും കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളെ ലോകനിലവാരത്തിലേയ്ക്ക് കൊണ്ടു

വരുന്നതിനുമുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*34 & *59) കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ആവശ്യങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രം വിളിച്ചുചേർത്ത ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം പതിനഞ്ച് മേഖലകളിലായി ഇരുപത്തിനാലോളം ശുപാർശകൾ സമർപ്പിച്ചിരുന്നതായും അവ ഭാഗീകമായി പരിഗണിക്കപ്പെട്ടതായും സഭയെ അറിയിച്ചു. തെങ്ങിന്റെ പുനർകൃഷിയും തെങ്ങുംതോട്ടങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും കേരള സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചരക്ക്-സേവന നികുതി സമ്പ്രദായം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളവും ആവശ്യപ്പെട്ടതനുസരിച്ച് ജി. എസ്.ടി. നടപ്പിലാക്കുന്നതിനു മുന്നോടിയായിട്ടുള്ള ഭരണഘടനാ ഭേദഗതിയും കേന്ദ്ര വില്പന നികുതിയിലുണ്ടായിട്ടുള്ള വരുമാന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയും എത്രയും പെട്ടെന്ന് തുടങ്ങി വയ്ക്കുന്നതായിരിക്കും എന്ന സൂചനയും ആയുർവേദത്തെ ദേശീയ ആരോഗ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന പ്രഖ്യാപനവും ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യത്തിന്മേൽ ആവശ്യമായ പുന:ക്രമീകരണങ്ങൾ നടത്തുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരളത്തിലെ ഇടുക്കിയിലും കുട്ടനാട്ടിലും അത്യുല്പാദനശേഷിയുള്ള കന്നുകാലി വളർത്തലിനും

കാലിത്തീറ്റയ്ക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1986-ൽ നിലവിൽ വന്ന മഹിളാസമാഖ്യം പ്രോഗ്രാം അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ സ്ത്രീജനങ്ങളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടി കേരള സംസ്ഥാനത്തിനുംകൂടി പ്രയോജനം വരുന്ന രീതിയിൽ രണ്ട് കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി കേരളം, മദ്ധ്യപ്രദേശ്, ഒറീസ്സ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ 223 ഡാമുകളുടെ പുനർ നിർമ്മാണത്തിനും നവീകരണത്തിനുമായി 2013-14 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം 28.88 കോടി രൂപയും കൊച്ചി മെട്രോ പദ്ധതിയ്ക്കായി 130 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആർ.എസ്.ബി.വൈ.-യിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതായി ഒരുപചോദ്യത്തിന് മറുപടി യായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 357 മുതൽ 690 വരെയുള്ള ചോദ്യങ്ങളിൽ 170 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)